## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 2043

10.10.2011 - ൽ മറുപടിക്ക്

## പി.എച്ച്.സി. - സി.എച്ച്.സി. കളിലെ തസ്തികകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. ദിവാകരൻ: | ശ്രീ. അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പു മന്ത്രി) |
| (എ) പകർച്ച വ്യാധികൾ തടയുന്നതിനായി ഈ വർഷം എത്ര തുകയാണ് വിനിയോഗിച്ചത്; | (എ) സാംക്രമിക രോഗനിയന്ത്രണത്തിനായുള്ള വിവിധ സംസ്ഥാന പദ്ധതികളിൽ നിന്നും കേന്ദ്രാവിഷ്കൃത പദ്ധതിയായ NVBDCP - യിൽ നിന്നുമായി എല്ലാ ജില്ലകൾക്കും കൂടി 1,44,81,000/- (ഒരുകോടി നാല്പത്തിനാല് ലക്ഷത്തി എൺപത്തിയൊന്നായിരം രൂപാ മാത്രം) അനുവദിച്ചിട്ടുണ്ട്. ജില്ലകളുടെ ആവശ്യാനുസരണം ഈ തുക ഉപയോഗിച്ച് വരുന്നു. ഈ തുകയുടെ ഉപയോഗത്തിന്റെ കണക്ക് ലഭ്യമായി വരുന്നതേയുള്ളൂ. ഇതിനു പുറമേ എൻ.ആർ.എച്ച്.എം. വഴിയുള്ള വാർഡ്തല ആരോഗ്യ ശുചിത്വ സമിതി ഫണ്ടുകളും പകർച്ചവ്യാധി തടയുന്നതിലേയ്ക്കായി ഉപയോഗിച്ചുവരുന്നു. |
| (ബി) പി.എച്ച്.സി. കളിലെ ഫീൽഡ് വിഭാഗം ജീവനക്കാരുടേയും പാരാ മെഡിക്കൽ ജീവനക്കാരുടേയും തസ്തികകൾ ജനസംഖ്യാനുപാതികമായി പുനഃസൃഷ്ടിച്ചിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുമോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തെ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ജെ.പി.എച്ച്.എൻ. മാർക്ക് തുല്യമായി ജെ.എച്ച്.ഐ. തസ്തികകൾ സൃഷ്ടിക്കണമെന്ന് ആവശ്യപ്പെട്ട് ജില്ലാ മെഡിക്കൽ ആഫീസർമാർ നൽകിയ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് - 2 ന്റെ 2,927 തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഫീൽഡ് വിഭാഗം സൂപ്പർവൈസറി തസ്തികകൾ നിലവിലില്ലാത്ത പി.എച്ച്.സി. - സി.എച്ച്.സി. എന്നിവിടങ്ങളിൽ പുതിയ തസ്തികകൾ അനുവദിക്കുമോ? | (സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ആഫീസർ